# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

ചെന്ത്രാപ്പിന്നി വില്ലേജിൽ പെരുമ്പടപ്പ് ദേശത്ത് 76 വർഷങ്ങൾ പിന്നിട്ട എയ്ഡഡ് മാപ്പിള എൽ.പി. സ്കൂൾ എന്ന വിദ്യാലയം ഈ പ്രദേശത്തെ കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നു നൽകുന്നതിന് സ്ഥാപിതമായ വിദ്യാകേന്ദ്രമാണിത്. അതോടൊപ്പം എല്ലാ കുട്ടികൾക്കും പ്രത്യേക പരിഗണനയും സാമൂഹിക സുരക്ഷയും ഉറപ്പു വരുത്തിക്കൊണ്ട് നിലകൊള്ളുന്നു. വിദ്യാഭ്യാസ രംഗത്തെ കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാലയത്തിന്റെയും കുട്ടികളുടെയും പുരോഗതി ലക്ഷ്യമാക്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. അടുത്ത 5 വർഷത്തെ പദ്ധതിയാണ് ഇവിടെ ലക്ഷ്യമിടുന്നത്. പി.ടി.എ, ഒ.എസ്.എ, വിദ്യാലയ സംരക്ഷണ സമിതി എന്നിവരുടെ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതിരേഖ തയ്യാറാക്കുന്നത്.

# വിദ്യാലയ ചരിത്രം.

കൊടുങ്ങല്ലൂർ താലൂക്കിലെ ചെന്ത്രാപ്പിന്നി വില്ലേജിൽ പെരുമ്പടപ്പ് ദേശത്ത് നാഷണൽ ഹൈവേ 17 ന് കിഴക്ക് ടിപ്പുസുൽത്താൻ റോഡിന്റെ ഓരത്തുള്ള ഈ വിദ്യാലയം 1941ൽ ആരംഭിച്ചതാണ്. വേറൊരു സ്ഥലത്ത് സ്ഥിതിചെയ്തിരുന്ന ഈ സ്ഥാപനം നെടുംപറമ്പിൽ വറുതുക്കുംതടം ചേക്കുട്ടിയാണ് സ്ഥാപിച്ചത്. പിന്നീട് ഓത്തുപുരയും വിദ്യാലയവും നിർത്തലാക്കുകയും തുടർന്ന് നടന്ന സന്ധിചർച്ചകൾക്കു ശേഷം അബ്ദുള്ളക്കുട്ടി എന്ന ചതുലതുകാരൻ അഹമ്മദ്കുട്ടി ഇന്ന് കാണുന്ന സ്ഥലത്തു വിദ്യാലയം പുനസ്ഥാപിച്ചു. അഹമ്മദ് കുട്ടിയിൽ നിന്ന് മാണിയത്ത് ശങ്കു എന്ന കൃഷിക്കാരൻ വാങ്ങുകയും ചെയ്തു. ഇപ്പോൾ മാണിയത്ത് സുഭാഷിന്റെ പേരിലാണ് വിദ്യാലയത്തിന്റെ ഉടമസ്ഥാവകാശം. അദ്ദേഹം മരണപ്പെടുകയും ചെയ്തു. അതിനു ശേഷം ഉടമസ്ഥാവകാശം ആർക്കും കൈമാറിയിട്ടില്ല. വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളിൽ പലരും ഇന്ന് സമൂഹത്തിലെ വിവിധ മേഖലകളിൽ ഉന്നതലങ്ങളിൽ എത്തിയിട്ടുണ്ട് എന്നത് വിദ്യാലയത്തിന് അഭിമാനം തന്നെയാണ്.

# ലക്ഷ്യങ്ങൾ

ഓരോ ക്ലാസ്സിലും നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക. സർഗ്ഗാത്മകവും, അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക. മൂന്നു ഭാഷകളിൽ മികച്ച ആശയവിനിമയ ശേഷി കൈവരിക്കുക. പഠനത്തെയും ~~മൂ~~ വിലയിരുത്തലിനെയും കുറിച്ചുള്ള മികച്ച കാഴ്ചപ്പാട്. പാരിസ്ഥിതിക അവബോധ വികാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കുക. പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും ഉറപ്പുവരുത്തുക. പാർശ്വവത്കരിക്കപ്പെട്ട മക്കളുടെ പഠനപിന്തുണ ഉറപ്പാക്കുക. പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീപനം. രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തനപിന്തുണ ഉറപ്പുവരുത്തുക. എല്ലാ കുട്ടികൾക്കും ഉയർന്ന വായനാശേഷി കൈവരിക്കുന്നതിന് അവസരങ്ങൾ/

## ലക്ഷ്യങ്ങൾ

ഓരോ ക്ലാസ്സിലും നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക. സർഗപരവും, അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക. മൂന്നു ഭാഷകളിൽ മികച്ച ആശയവിനിമയ ശേഷി കൈവരിക്കുക. പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള മികച്ച കാഴ്ചപ്പാട്. പാരിസ്ഥിതിക അവബോധ വികാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കുക. പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും ഉറപ്പുവരുത്തുക. പാർശ്വവത്കരിക്കപ്പെട്ട മക്കളുടെ പഠന പിന്തുണ ഉറപ്പാക്കുക. പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീപനം. രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ ഉറപ്പുവരുത്തുക. എല്ലാ കുട്ടികൾക്കും ഉയർന്ന വായനാശേഷി കൈവരിക്കുന്നതിന് അവസരങ്ങൾ ഉണ്ടാക്കുക.

# I. നിലവിലെ അക്കാദമികപ്രശ്നങ്ങൾ.

എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്ന നിർദ്ദിഷ്ടശേഷികൾ നേടാൻ കഴിയുന്നില്ല.

2. എല്ലാ വിദ്യാർത്ഥികൾക്കും വിവിധ ഭാഷാവിഷയങ്ങളിൽ വൈവിധ്യപൂർണ്ണമായ വ്യവഹാരരൂപങ്ങളിലൂടെ ആശയവിനിമയം സാധ്യമാകുന്നില്ല.

3. ഭാഷാവിഷയങ്ങളിൽ അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കാൻ കഴിയുന്നില്ല.

4. ഇംഗ്ലീഷ് ഭാഷയിൽ സമൂഹത്തിന്റെ പ്രതീക്ഷക്കനുസൃതമായ പ്രകടനം കാഴ്ചവെക്കാൻ സ്ക്കൂളുകൾക്ക് കഴിയുന്നില്ല.

5. നിത്യജീവിതത്തിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്നവിശകലനം നടത്താനോ പരിഹരിക്കാനോ കഴിയുന്നില്ല.

6. പ്രകൃതി ഒരു പാഠപുസ്തകം എന്നരീതിയിൽ ക്ലാസ്സന്തരീക്ഷവും സ്ക്കൂൾ അന്തരീക്ഷവും ഒരുക്കാൻ കഴിയുന്നില്ല.

നിത്യജീവിതത്തിൽ യുക്തിബോധവും ശാസ്ത്രീയ മനോഭാവവും പുലർത്താൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല.

എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ഒരുക്കാൻ സ്ക്കൂളുകൾക്ക് കഴിയുന്നില്ല.

കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നില്ല.

എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും കഴിയുന്നില്ല.

നല്ല ഭക്ഷണ ശീലങ്ങളില്ലാത്തതും പോഷകാഹാരക്കുറവും പഠനനിലവാരത്തെ ബാധിക്കുന്നു.

12. അക്കാദമിക് മികവിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കി ക്ലബ്ബ് പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്താനോ നടപ്പിലാക്കാനോ കഴിയുന്നില്ല.

13. നേരിടുന്ന പ്രശ്നങ്ങൾ ഗവേഷണാത്മകമായി പരിഹരിക്കാനുള്ള ശ്രമങ്ങളില്ല.

# 2025 - 2026

## ലക്ഷ്യം

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുമായി ബന്ധപ്പെട്ടിരുന്ന എട്ട് മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ അക്കാദമിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തെ മുൻനിർത്തി വിവിധങ്ങളായ പ്രവർത്തനങ്ങളെക്കൊണ്ട് വായനയുടെയും എഴുത്തിന്റെയും ലോകത്തേക്ക് കുട്ടിയെ കൈപിടിച്ച് ഉയർത്തുക.

* ക്ലാസ് ലൈബ്രറികളും ഗണിത മൂലയും സജീകരിക്കുക.

* വായനക്കൂട്, റീഡേഴ്സ് തിയേറ്റർ, ശ്രദ്ധ എന്നിവയ്ക്ക് പ്രാധാന്യം നൽകൽ.

* മാലിന്യനിർമാർജനം എന്ന ലക്ഷ്യത്തെ മുൻനിർത്തി നല്ല ആഹാര, ആരോഗ്യ ശീലങ്ങൾ, എന്നിവക്ക് കുട്ടികൾക്ക് നല്ലൊരു മാതൃക നൽകൽ.

# നിലവിലെ അവസ്ഥ വിശകലനം

## അക്കാദമിക് മേഖല

പഞ്ചായത്തിലെ സ്കൂൾ വർഷങ്ങളി ലും, വിജ്ഞാനോത്സവത്തിലും മികച്ച പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട് ശാസ്ത്ര പ്രവൃത്തിപരിചയ മേളകളിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ ഉൾപ്പെടെ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കാൻ സാധിച്ചു.
മൾട്ടിമീഡിയ ക്ലാസ്സ് റൂമിന്റെ അഭാവം പഠനത്തെ ബാധിക്കാത്ത രീതിയിൽ പ്രൊജക്ടറുകളും, ലാപ്ടോപ്പുകളും വളരെ മികച്ച രീതിയിൽ ഉപയോഗിച്ചു കൊണ്ട് ക്ലാസ്സുകളിൽ ICT പഠനം സാധ്യമാക്കുന്നു.

## ഭൗതിക അന്തരീക്ഷം

പഴയ സ്കൂൾ കെട്ടിടം ഒരു അപ രിചിതമായി നിൽക്കുന്നു.
പിടിഎ യുടെ സജീവസാന്നിധ്യം സ്കൂളിന് മുതൽക്കൂട്ടാണ്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഗുണമേന്മ വിദ്യാലയം
- ലാബ് നവീകരണം
- കമ്പ്യൂട്ടർ റൂം നവീകരണം
- ലൈബ്രറി നവീകരണം
- മൾട്ടിമീഡിയ ക്ലാസ്സ് റൂം
- ആധുനിക കളിസ്ഥലം
- ഒരുക്കൽ
- ശ്രദ്ധ [മലയാളം, ഗണിതം]
- വായന പരിപോഷണം
- ജൈവവൈവിധ്യ പാർക്ക്
- ശാസ്ത്ര അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ

മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | Moniter |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ | പ്രീടെസ്റ്റ് നടത്തി പഠനത്തിലെ കണ്ടെത്തുന്നു.<br>1. അസംബ്ലി പത്രവായന<br>2. പുസ്തകപരിചയം.<br>3. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>4. വിശേഷണ പദങ്ങൾ കണ്ടെത്തി നക്ഷത്രപദ അവതരണം. | ജൂൺ 14 മുതൽ<br>"<br>"<br>" | ക്ലാസ് ടീച്ചർ | – | പ്രധാനാധ്യാപിക. |
| ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിതക്കളികൾ | " | ക്ലാസ് ടീച്ചർ | — | പ്രധാനാധ്യാപിക. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി ക്കഥകൾ അവതരിപ്പി ക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടങ്ങള<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | | |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

# അധ്യാപകരുടെ എണ്ണം

| | Name of the teacher | class |
|---|---|---|
| | Sujatha. T.G | HM |
| | Krishna Priya. P.J | IV |
| | NINI. P.B | II |
| | Anna Abhirami | I |
| | | Arab |
| | Suhaib Abdulla | |
| | Maria. N. George | III |

# അധ്യാപകരുടെ എണ്ണം

| Sl | Name of the teacher | class |
|---|---|---|
| 1. | Sujatha. T.G | HM |
| 2. | Krishna Priya. P.J | IV |
| 3. | NINI. P.B | II |
| 4. | Anna Abhirami | I |
| 5. | Suhaib Abdulla | Arabic |
| 6. | Maria. N. George | III |